LIBRARY ARCHIVES Kerala Legislative Assembly

കർഷകർക്ക് ഗ്രീൻകാർഡ്

195 (5602) ശ്രീ. എം. ഉമ്മർ :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ എല്ലാ കർഷകർക്കും ഗ്രീൻകാർഡ് ഏർപ്പെടുത്താനും കൂടുതൽ ആനുകൂല്യങ്ങൾ നൽകാനും തയ്യാറാകുമോ ?

ഉത്തരം

നെൽ കർഷകർക്ക് ഗ്രീൻ കാർഡ് നൽകുന്ന പദ്ധതിയുടെ ആദ്യപടി യായി പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ ജില്ലകളിലെ നെൽ കർഷകർക്കാണ് ഗ്രീൻകാർഡ് വിതരണം ചെയ്യുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നത്. സംസ്ഥാനത്തെ എല്ലാ കർഷകർക്കും ഗ്രീൻകാർഡ് ഘട്ടംഘട്ടമായി ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. പദ്ധതി നടപ്പാക്കുന്ന ജില്ലകളിൽ നിലവിലുള്ള സംസ്ഥാന-കേന്ദ്ര നെൽകൃഷി വികസന പദ്ധതികൾ, ആർ.കെ.വി.വൈ. പദ്ധതികൾ, നോൺപ്ലാൻ പദ്ധതികൾ എന്നിവകളിലൂടെ ഇപ്പോൾ ഒട്ടനവധി ആനുകൂല്യങ്ങൾ കർഷകർക്ക് നൽകി വരുന്നുണ്ട്.

കർഷക കടാശ്വാസ കമ്മീഷന്റെ ശുപാർശപ്രകാരം എറണാകുളം ജില്ലയിൽ അനുവദിച്ച കടാശ്വാസം

196 (5606) ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കർഷക കടാശ്വാസ കമ്മീഷന്റെ ശുപാർശ പ്രകാരം നാളിതുവരെ എറണാകുളം ജില്ലയിൽ കൊച്ചി, കണയന്നൂർ താലൂക്കിൽ എത്ര പേർക്ക് കടാശ്വാസം അനുവദിച്ചുവെന്നതിന്റെ വില്ലേജ് അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

കർഷക കടാശ്വാസകമ്മീഷൻ അനുവദിക്കുന്ന തുകയുടെ സർക്കാർ വിഹിതം

197 (5607) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടാശ്വാസത്തിലെ സർക്കാർ വിഹിതം കർഷകന് ലഭിക്കുന്നതി നുള്ള കാലതാമസം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ ;